**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3164** **25-10-2021 - ൽ മറുപടിയ്ക്ക്**

**നിലമ്പൂർ നിയോജകമണ്ഡലത്തിലെ സ്കൂൾ കെട്ടിടനിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പൊതുവിദ്യാഭ്യാസ വകുപ്പിന്റെ 2020-21, 2021-22 വർഷങ്ങളിലെ പദ്ധതി വിഹിതം ഉപയോഗിച്ച് കെട്ടിടം നിർമ്മിക്കുന്നതിന് എത്ര സ്കൂളുകളുടെ എസ്റ്റിമേറ്റ് അടക്കമുള്ള പ്രൊപ്പോസലുകളാണ് നിലമ്പൂർ നിയോജകമണ്ഡലത്തിൽ നിന്നും വകുപ്പിൽ ലഭിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; ആവശ്യപ്പെട്ടുന്ന തുക അടക്കമുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിലെ പദ്ധതിവിഹിതം വിനിയോഗിച്ച് കെട്ടിട നിർമ്മാണം നടത്തുന്നതിന് അനുമതി ലഭ്യമാക്കുന്നതിനായി പ്രൊപ്പോസൽ നൽകിയിട്ടുള്ള സ്കൂളുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) | മേൽ പ്രൊപ്പോസലുകളിൽ പ്രൈസ് സോഫ്റ്റ്‌വെയറിൽ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ച സ്കൂളുകളുടെ വിവരങ്ങൾ ലഭ്യമാക്കാമോ; സമർപ്പിച്ച വർഷവും അറിയിക്കാമോ; | (ബി) | 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിലെ പദ്ധതിവിഹിതം വിനിയോഗിച്ച് കെട്ടിട നിർമ്മാണം നടത്തുന്നതിന് അനുമതി ലഭ്യമാക്കുന്നതിനായി പ്രൊപ്പോസൽ നൽകിയിട്ടുള്ള സ്കൂളുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (സി) | 2020-21, 2021-22 സാമ്പത്തിക വർഷത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പദ്ധതിവിഹിതം ഉപയോഗിച്ച് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് നിലമ്പൂർ നിയോജകമണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളെയാണ് തെരഞ്ഞെടുത്തിട്ടുള്ളതെന്ന് അറിയിക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (സി) | 2020-21 സാമ്പത്തിക വർഷ ത്തിൽ ഗവ. മാനവേദൻ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിന് 40 ലക്ഷം രൂപ വിനിയോഗിച്ച് കെട്ടിട നിർമ്മാണം നടത്തുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതം വിനിയോഗിച്ച് കെട്ടിട നിർമ്മാണം നടത്തുന്നതി നായി സ്കൂളുകളെ തെരഞ്ഞെടുത്ത് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. |
| (ഡി) | ശേഷിക്കുന്ന സ്കൂളുകളുടെ പ്രൊപ്പോസലുകളിൽ പൊതുവിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; ശേഷിക്കുന്ന സ്കൂളുകൾക്ക് കൂടി കെട്ടിടനിർമ്മാണ ഫണ്ട് അനുവദിക്കുന്നതിന് നടപ്പ സാമ്പത്തികവർഷം നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | 2020-21 സാമ്പത്തിക വർഷ ത്തിൽ ഗവ. മാനവേദൻ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിന് 40 ലക്ഷം രൂപ വിനിയോഗിച്ച് കെട്ടിട നിർമ്മാണം നടത്തുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതം വിനിയോഗിച്ച് കെട്ടിട നിർമ്മാണം നടത്തുന്നതി നായി സ്കൂളുകളെ തെരഞ്ഞെടുത്ത് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ

<u>**അനുബന്ധം**</u>

| **ക്രമ നം.** | **സ്കൂളിന്റെ പേര്** | **വർഷം** | **എസ്റ്റിമേറ്റ് തുക** |
|---|---|---|---|
| 1. | ഗവ. മാനവേദൻ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ | 2020-21 | 40,00,000/- രൂപ |
| 2. | ഗവ. യു.പി.എസ്, കുറുമ്പലങ്ങോട് | 2021-22 | 1,52,27,259/- രൂപ |
| 3. | ഗവ. എൽ.പി.എസ്, ചോലമുണ്ട | 2021-22 | 1,04,25,749/- രൂപ |
| 4. | ഗവ. എൽ.പി.എസ്, ചുങ്കത്തറ | 2021-22 | 24,70,005/- രൂപ |
| 5. | ഗവ. എൽ.പി.എസ്, ചുങ്കത്തറ ജി.പി | 2021-22 | 26,08,335/- രൂപ |
| 6. | ഗവ.എം.എൽ.പി.എസ്, കരിമ്പുഴ | 2021-22 | 32,83,034/- രൂപ |
| 7. | ഗവ. എൽ.പി.എസ്, മാമങ്കര | 2021-22 | 1,79,16,647/- രൂപ |
| 8. | ഗവ. എൽ.പി.എസ്, പൂളപ്പാടം | 2021-22 | 1,79,16,647/- രൂപ |
| 9. | ഗവ. എൽ.പി.എസ്, വരിക്കൽ | 2021-22 | 1,58,71,906/- രൂപ |
| 10. | ഗവ. എൽ.പി.എസ്, വീട്ടിക്കോത്ത് | 2021-22 | 94,54,653/- രൂപ |
| 11. | ഗവ. എൽ.പി.എസ്, പയ്യമ്പാടം | 2021-22 | 1,00,00,000/- രൂപ |
| 12. | ഗവ. യു.പി.എസ്, കൊന്നമണ്ണ | 2021-22 | 50,00,000/- രൂപ |

സെക്ഷൻ ഓഫീസർ